# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2174** **06.10.2016 ൽ മറുപടിക്ക്**

## സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഒന്നുമുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | സർവ്വശിക്ഷാഅഭിയാൻ മുഖേന സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന APL വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും 2 ജോഡി സൗജന്യ യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്.സർക്കാർ / എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള എ.പി.എൽ.വിഭാഗം ആൺകുട്ടികൾക്ക് കൂടി സ്കൂൾ യൂണിഫോം സൗജന്യമായി നൽകുന്നതിനായി തീരുമാനമെടുത്തത് ഈ വർഷത്തിലാണ്. ഇത് പുതിയ ആനുകൂല്യം ആയതിനാൽ നടപടിക്രമങ്ങൾ നടന്നു വരുന്നതേയുള്ളൂ. |
| ബി) വിതരണം ചെയ്ത കണക്കുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ; | ബി) | ഈ വർഷം 687877 കുട്ടികൾക്ക് സ്കൂൾ യൂണിഫോമിന് ആവശ്യമായ 27,51,51,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| സി) ഇനിയും കാലതാമസം കൂടാതെ യൂണിഫോം വിതരണം എത്രയും വേഗം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നയപരമായി എടുത്ത തീരുമാനമെന്ന നിലയിൽ ഫണ്ട് വിതരണം തുടങ്ങിയ നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ജില്ലതിരിച്ചുള്ള കണക്ക്

| ജില്ല | വിതരണം ചെയ്ത തുക |
|---|---|
| തിരുവനന്തപുരം | 3,48,42,000 |
| കൊല്ലം | 2,36,88,000 |
| പത്തനംതിട്ട | 61,67,000 |
| ആലപ്പുഴ | 1,35,47,000 |
| കോട്ടയം | 68,27,000 |
| ഇടുക്കി | 85,64,400 |
| എറണാകുളം | 1,21,87,000 |
| തൃശ്ശൂർ | 1,32,25,200 |
| പാലക്കാട് | 27,47,600 |
| മലപ്പുറം | 4,91,25,000 |
| കോഴിക്കോട് | 2,74,15,000 |
| വയനാട് | 1,49,93,200 |
| കണ്ണൂർ | 1,52,54,000 |
| കാസറഗോഡ് | 21,84,000 |